032:1K65:3 F4
KALYANASAUGANDHIKAM

MUL
044946

**Madras University Library.**

**Date Label.**

Ac. No. 44946 Cl. No. 032:1K65:3 F4

This book should be returned on or before the date last marked below.

THE SRI MULAM MALAYALAM SERIES.

No. VI.

# KALYÂṆASAUGANDHIKAM

BHĀSHĀCHAMPU

UNIVERSITY LIBRARY 20 MAY 19 MADRAS

EDITED

WITH AN INTRODUCTION

BY

S. PARAMESVARA AIYAR, M. A., B. L.,
[KAVITILAKA]

*Secretary to the Government of Travancore.*

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS
1924.

*All Rights Reserved.*

ത്തിട്ടുള്ള രാമായണചമ്പുവിൽ ഇല്ലാത്ത അഗ്നിപ്രവേശം മുതലായ ഭാഗങ്ങൾ ഞാൻ ഇതരഗ്രന്ഥങ്ങളിൽ കണ്ടിട്ടുണ്ട്.

കല്യാണസൌഗന്ധികത്തിന്റെ ഭാരതചമ്പുവോളംതന്നെ പഴക്കമുണ്ടെന്നു രണ്ടു ഗ്രന്ഥങ്ങളിലുമുള്ള പ്രാചീനപ്രയോഗങ്ങളിൽ നിന്നനുമാനിക്കാം. 'പല' എന്ന പദം വിശേഷ്യത്തിൻ പിമ്പിലായി ഭാരതചമ്പൂകാരൻ

"പുരാരി വേണുന്നതു ഭക്തിഭാജാം
തരും വിരോധം പല കാട്ടിയാലും"

എന്ന ഘട്ടത്തിൽ പ്രയോഗിച്ചിട്ടുണ്ട്. അതുപോലെ കല്യാണസൌഗന്ധികത്തിലും "മണ്ഡലങ്ങൾ പല തുണ്ടമിട്ടു" എന്നൊരു പ്രയോഗം കാണുന്നു. ഭൂമിയുടെ പര്യായമായ മേത് (മേദിനിയുടെ തത്ഭവം) അതിപ്രാചീനമായ ഒരു മലയാളപദമാണ്. അതു കല്യാണസൌഗന്ധികകാരൻ 'മേതിന്മേൽ വീഴ്വവാനാം' ഇത്യാദിശ്ലോകത്തിൽ പ്രയോഗിച്ചിരിക്കുന്നു. ആകെക്കൂടിനോക്കുമ്പോൾ കല്യാണസൌഗന്ധികത്തിന്റെ ആവിർഭാവം ഭാരതചമ്പുവോടടുപ്പിച്ചുള്ള ഒരു കാലത്തായിരിക്കണമെന്നൂഹിക്കുന്നതിൽ അബദ്ധമില്ല. ഭീമസേനഹനൂമൽസംവാദത്തിൽ പൊതുവേയും

"വാനോർ സിന്ധുതരംഗപാളിയിലെഴും
കാറേററു ചിന്നീടുമ-
ന്നാനാകേസരബാലരോമപടലീ-
നിർദ്ധൂയമാനാംബുദം
കാണായീ കപിസാർവ്വഭൌമമുടനേ
മദ്ധ്യാഹ്നകാലത്തെഴും
ഭാനോരുഷ്മകെടുത്ത തീവ്രമഹസാ
സന്ദീപിതാശാന്തരം."

"ഊക്കേറും ഭീമസേനൻ പുനരതിൽ നടുവേ
ചാടിവീണാത്തനാദം
വായ്ക്കും സൌഗന്ധികശ്രേണികൾ വടിവൊടറു-
ത്തോരുനേരം ഗദാവാൻ
കേൾക്കായീ ഘോരഘോരം നവജലദഘടാ-
നാദപൂരം നടുക്കം
വാക്യാടോപങ്ങൾ വാഹീഭരണവിധിവള-
ക്കുന്ന രക്ഷോഭടാനാം."

ഇത്യാദി പദ്യങ്ങളാൽ പ്രത്യേകമായും സ്പഷ്ടമാക്കുന്ന ഈ ഗ്രന്ഥകാരന്റെ കവനകലാകുശലത ആരെയും ആനന്ദപരവശന്മാരാക്കുന്നതിനു പര്യാപ്തമാണെന്നു പറയേണ്ടതില്ലല്ലോ.

കുന്നത്തൂർ താലൂക്കിൽ ശ്രീമാൻ ചെറുപൊയ്ക വാസുദേവ ഭട്ടതിരിയുടെ പക്കൽനിന്നു കിട്ടിയ ഒരു താളിയോലഗ്രന്ഥം മാത്രമാണ് ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എനിക്ക് അവലംബമായി തീർന്നിട്ടുള്ളത്. പറയത്തക്ക സ്ഖലിതങ്ങൾ അധികമൊന്നും ആ ഗ്രന്ഥത്തിൽ കാണുകയുണ്ടായില്ല.

തിരുവനന്തപുരം, }
൧-൧൦-൧൧. }

എസ്. പരമേശ്വരയ്യർ

UNIVERSITY LIBRARY
-2 SEP 1935
MADRAS

# കല്യാണസൌഗന്ധികം

ഭാഷാചമ്പു.

---

പ. ചേതോജന്മാഭിരാമം തെളിവിനൊടകമേ
കണ്ടനേരം ഭവന്തം
മീതേ മീതേ വളർന്നു മമ മനസി സഖേ!
പാരമാമോദഭാരം;
ശ്രീതാവീടുന്ന സൌഗന്ധികമനിലസുതൻ
കൊണ്ടുവന്നാത്മമൌലൌ
ചാതുര്യം ചേർത്തണിഞ്ഞോരളവു നിറമെഴും
ദ്രൌപദിക്കെന്നപോലേ. (൧)

ശ്രീമാൻ പാശുപതാസ്ത്രമിന്ദ്രതനയൻ
കൈക്കൊണ്ടു കാമാരിയോ-
ടാമോദേന മഹേന്ദ്രലോകമുടനേ
സംപ്രാപ്യ മേവുംവിധൌ
വാമാക്ഷ്യാ സഹ ഭൂമിതന്നിൽ മരുവും
പാണ്ഡൂത്ഭവാ നാല്വരും
വാർമീണ്ടീടിന ഗന്ധമാദനമഹാ-
ശൈലേന്ദ്രമാപേദിരേ. (൨)

അമേയമഹിമാത്ഭുതൈസ്സകലലോകനേത്രോത്സവം
സമേത്യ കുരുപുംഗവാ ധരണിമണ്ഡലീമണ്ഡനം
അശേഷവസുധാധരപ്രഥമമാപ്തകൌതൂഹലാ-
സ്സമാരുരുഹുരാശു തം തദനു ഭാസുരം ഭൂധരം. (൩)

സിംഹാരാവഭയംകരം ക്വചിദഹോ; കുത്രാപി ദന്താവള-
വ്യൂഹാനാം കടുബൃംഹണങ്ങ,ളൊരിടത്തംഭോമുചാം ഗർജ്ജിതം;
നാഗാനാമുരുകന്ദരസ്ഥിതിജുഷാമേകത്ര ശൂളാകുലം;
മാഹാത്മ്യം വരഗന്ധമാദനഗിരേരെൻതോഴ! ചൊല്ലാവതോ? (൪)

G. P. T. 46. 1000. 28-2-100. B

മാഴ്കീടാതെ കിരാതസൈന്യമൃഗയാ-
കേളീഷു വായ്ക്കും ധനു-
ർജ്ജ്യാഘോഷാവലി കുത്രചിത്; ക്വചിദഹോ
ഭൃംഗാളിതുംഗാരവം;
ക്രുകീടും കുയിൽനാദമൻപിലൊരിട,-
ത്തന്യത്ര കേകാരവം;
മാഹാത്മ്യം വരഗന്ധമാദനഗിരേ-
രെൻതോഴ! ചൊല്ലാവതോ? (൭)

ഏകത്രാമരസുന്ദരീപരിലസൽ-
സംഗീതകോലാഹലം;
വാർകോലും മധുപാനഘോഷമൊരിട,-
ത്തന്യത്ര ഡോളാരവം;
ഏകാന്തേ കുഹചിന്മനോജ്ഞതരുണീ-
കാന്തൌഘകാമോത്സവം;
മാഹാത്മ്യം വരഗന്ധമാദനഗിരേ-
രെൻതോഴ! ചൊല്ലാവതോ? (൮)

ഗ. ഹരഹര! ശിവശിവ! പറവതിനെളുതോ
ധാത്രീമാതിനു ചാർത്തീടുന്നൊരു
നിരുപമകേളീഭൂഷണമാമ-
പ്പർവ്വതരാജൻതങ്കലിണങ്ങിന
മാഹാത്മ്യോദയമഖിലം പാർത്താൽ?
അംബരചാരികൾ വഴിനടമാടി
നിരന്തരഭോഗമിയന്നുവളർന്നതി-
ഭംഗികലർന്നൊരു ശൃംഗസമൂഹം-
കൊണ്ടു ദിവാനിശമംബരതടിനീ-
കല്ലോലങ്ങളിലാറാടുന്നോ-
രൌന്നത്യം കൊണ്ടതിമഹനീയം.
സുന്ദരഭാവം കൊണ്ടു പുരന്ദര-
നന്ദനവനമൊട്ടു പടപൊരുവാനാ-
യെന്നകണക്കെ കൊടിയ തിമിർപ്പോ-
ടൊരുമകലർന്നടനഹമഹമികയാ
മീതേ മീതേ ചാരു വളർന്നുട-
നംബരസീമനി നിലകൊണ്ടീടും

പെരുകിന നാനാതരുവരപംക്ത്യാ
ഘനതരമായൊരു ദിനകരകിരണ-
മൊരുന്നാളും കണികണ്ടീടാതൊരു
വിപിനസമൃദ്ധ്യാ പരിചിനൊടെങ്ങും പരിലസിതാത്മാ.
നാലാമ്നായനവീനസരോരുഹ-
മലരിനകത്തു നിറഞ്ഞുവഴിഞ്ഞതി-
മധുരംപെയ്യും മധുരസലഹരീ-
പരിമളമാമപ്പരമശിവൻതൻ-
പാദസരോജേ ഭക്ത്യാവീണു
നമസ്തുതികോലും പ്രവരമുനീനാം
വിവിധസ്തോത്രമഹാജപഘോഷം കുഹചനഭാഗേ.
തുഹിനമഹീധരസുകൃതസുരദ്രുമ-
മഴകൊടു പൂത്തുവിരിഞ്ഞുമതുത്ത
മധുദ്രവലഹരീപരിമളപൂരം
ത്രിജഗതി നീളെക്കോരിത്തേകി
നിരന്തരശോഭകലർന്നിയലുന്ന
നവീനമലർക്കുല മന്മഥവീര-
ശിഖാമണി വിരവൊടു ഭുവനമശേഷം
വിരുതുവിളിച്ചു ജയിച്ചു നിതാന്തം
കൊടിമരമുകളിൽത്തെളിവൊടു തൂക്കി
വിളങ്ങീടുന്നൊരു വിജയപതാകാ
കനകവിശാലത കൈക്കൊണ്ടധിക-
വിശുദ്ധികലർന്നു പരന്നീടുന്ന
ചിദംബരസീമനി പുഷ്ടശ്രീയൊടു
മുട്ടപ്പാകി വിലാസമുലാവിന
ശാരദപൂർണ്ണശശാങ്കനിലാവിൽ
മഹേശ്വരവല്ലഭ വായിച്ചഴകൊടു
കൊഞ്ചിവളർന്നു വിപഞ്ചീനാദ-
സുധാജലരാശിയിൽ വീണുമറിഞ്ഞൊരു
പരമാനന്ദതരംഗപരംപര
തന്നിലെടുത്തതിവേലം മരുവിന
സുരമുനിദാനവകിന്നരചാരണ-
പന്നഗഖഗമൃഗതടിനീവൃക്ഷ-
ലതാദികദംബം കുഹചനഭാഗേ.

രാവണനായൊരവഗ്രഹമൂട്ട
പൊറുക്കരുതാഞ്ഞിട്ടധികം മാഴ്കി-
മയങ്ങും ത്രിഭുവനവാസികൾതാപം
നിജഭുജവിക്രമനവജലധാരകൾ
പെയ്തുകെട്ടുത്തുടൎന്നലകിടമെങ്ങും
പെരുകിന പരമാനന്ദതണൽപ്പു
പിടിപ്പിച്ചരുളിന കാളപയോദം
കരുണാനിലയം ദശരഥതനയം
പകലിരവെല്ലാമകമലർതന്നിൽ-
കുടിപൂവിച്ചു തദീയം നാമം
ചേൎത്തുംവിലസിന ഹനുമദ്വാസം കുഹചനഭാഗേ.
യക്ഷവധൂഭിരനുക്ഷണമേറിന
സൌഖ്യംകൈക്കൊണ്ടളകാനായക-
നിളകീന്നൊരു സന്തോഷാൎണ്ണവ-
വീചീനിരയിൽ മറിഞ്ഞുമറിഞ്ഞു
കളിച്ചീടും ചില കളികളിലുതിരും
കളകളഘോഷം കുഹചനഭാഗേ.
പരിചിൽ വിരിഞ്ഞതിസൌഗന്ധ്യംപെ-
യ്തുരപൊങ്ങീടിനസൌഗന്ധികനറു-
മലർനിരതന്നിൽ നിറഞ്ഞുവഴിഞ്ഞ
മധൂളികുടിച്ചു പുളച്ചീടും ചില
ജലചരപക്ഷിനിനാദംകൊണ്ടു
മനോഹരമായൊരു വൈശ്രവണൻതൻ
പൊയ്കനിതാന്തം പരിപാലിച്ചും
മാററാരില്ലാഞ്ഞൂററംപെരുകിന
ഭുജകണ്ഡൂതിപൊറുക്കരുതാഞ്ഞതി-
നിഷ്ഠുരമുഷ്ടിപ്രഹൃതികൾകൊണ്ടു
കരിങ്കല്ലുകളെ നറുംപൊടിയാക്കിയു-
മോടിച്ചാടിത്തമ്മിൽത്തന്നേ
മൽപ്പിടിയിട്ടും കെല്പൊടു മരുവും
ക്രോധവശാഖ്യനിശാചരവൃന്ദം കുഹചനഭാഗേ.
നിൎജ്ജരതടിനീചിത്രിതമൊരിടം;
ഗൎജ്ജിതജലധരസങ്കുലമൊരിടം;
വിദ്രുമവല്ലീസുലളിതമൊരിടം;

ഭദ്രസുരദ്രുമഭ്രൂഷിതമൊരിടം;
യക്ഷവധൂജനനൃത്തം ക്വചന;
മത്തമതംഗജയാനം ക്വചന;
ഹരിണീനയനവിലാസം ക്വചന;
കരിണീരമണാന്വേഷം ക്വചന;
ഹരഹര! ശിവശിവ! നാരായണജയ;
നാരായണജയ! വാഴ്ത്താമല്ലിതു.
പാക്കുംതോറും നിരവധിമഹിമാ-
വുലകിതിൽ നിതരാമചലവരോര്യം വചനവിദൂരേ. (൧)

വ. ഇത്ഥം താവിന ഗന്ധമാദനമഹാ-
ശൈലേ ധരാഭ്രൂഷണേ
വധ്വാ പാവനശീലയാ പരിചെഴും
മോദേന തേ പാണ്ഡവാഃ
നിത്യം പൂമരപാളി പൂത്തുവിരിയും
പുത്തൻമലർച്ചാർത്തിൽ വാർ-
മെത്തും തൂയ മരന്ദസിക്തധരണൌ
മേവീ ബദര്യാശ്രമേ. (൨)

വാനോർനാട്ടിന്നു നാണം പരിചിനൊട്ടു വരു-
ത്തീടുമേകാന്തസൌഖ്യേ
ചേണേലും താപസാനാം നിവഹസുമഹിതേ
തത്ര പുണ്യാശ്രമാന്തേ
വാണീടുംനാളിൽ നാനാഗുണഗണമിയലും
പാണ്ഡവാനാമകക്കാ-
മ്പാനന്ദാംഭോനിധൌ വീണിരവുപകലുമോ-
ളംകളിച്ചു വിശേഷാൽ. (൩)

കാലേ തസ്മിന്നിളന്തെന്നലിലിളകിമണം
പെയ്യൊരുന്നാളു പാന്തേ
മേളത്തിൽപ്പോന്നുവീഴും കിമപി കുസുമമാ-
ദായ മെല്ലേ സലീലം
നീലാംഭോജംതൊഴുന്നോരണിമിഴിമുനകൊ-
ണ്ടൊന്നു സമ്മാനയന്തീ
ചേലേറ്റും ബാഹുവീര്യോദയമനിലസുതം
യാജ്ഞസേനീ ബഭാഷേ. (൪)

"വാരാളും വീരപുംസാം കുലമകുടമണേ!
കാന്ത! കാൺ വായുസൂനോ!
നേരേ വന്നിന്നഗാഗ്രാലിവിടെ നിപതിതം
മാല്യമേതം മനോജ്ഞം;
പാരിൽക്കണ്ടീല മററിത്തരമൊരുകുസുമം
ചിത്രമായിത്രിലോകീ-
സാരം തന്നേ നിനച്ചീടുകിലിതു; പറയാ-
മല്ലിതിൻ കാന്തിപൂരം. (൨൦)

സൌരഭ്യോന്മേഷമെന്തേ പറവതു? നിതരാ-
മേതദാശാകദംബം
ദൂരേദൂരേ പരക്കും ബഹളപരിമളാ-
ദ്വൈതമായ്ത്തീൎന്നുകൂടി.
പാരംപാരം വരുന്നു കുതുകഭരമതിൽ-
ക്കൂട്ടിനും കൊണ്ടുപോന്നാ-
ഞ്ഞാത്രുഡാമോദമായ്യോ! മമ മുടിയിലണി-
ഞ്ഞാടുവാൻ വിക്രമാബ്ധേ!." (൨൧)

ഇതി മധുരമുണൎത്തീടുന്ന പാഞ്ചാലപുത്രീ-
മതുലഭുജബലോഷ്മാ ഭീമസേനോ ബഭാഷേ:
"ഇതമൊടു തരസാ ഞാൻ നന്ദനം തന്നിൽ നിന്നും
മതുമലരിതു കാന്തേ! കൊണ്ടുവന്നുണ്ടശങ്കം" (൨൨)

കന്നൽനേർമിഴികൾമൌലിരത്നകലികാം ദ്രുതം ദ്രുപദകന്യകാ-
മന്നിവണ്ണമഴകോടുദീൎയ്യ ബലവീൎയ്യശാലി പവനാത്മജൻ
വണ്ണമൊത്തഗദയുംധരിച്ചിനിയപാരണോഗ്രഗതിചാതുരീം
വെന്ന യാത്രയിൽ മനംകവൎന്ന പരിനിൎജ്ജഗാമ പരമാത്ഭുതമാൽ.

കണ്ടകണ്ട മൃഗസഞ്ചയങ്ങളുയിർകൊണ്ടുകൊണ്ടുമവനീരുഹാം
മണ്ഡലങ്ങൾ പല തുണ്ടമിട്ടുമിരുപാടുമാശുഗദകൊണ്ടുടൻ
ഇണ്ടൽതേടിയകേസരിക്കുമുരുവിക്രമേണ പദവിക്രമേ
കണ്ടകങ്ങൾ പൊടിയാക്കിയും വിരവൊടുച്ചചാല കുരുപുംഗവൻ.

വ്യാഘ്രകേസരിവരാഹവൃന്ദമൊരുകാൽക്ഷണേന ഗദയാ മദം
പോക്കിയന്തകപുരത്തിനൻപൊടു വിരുന്നയച്ചിതു വൃകോദരൻ.
ഊക്കുകണ്ടിഹ തദീയമോടിയൊരു വാനരൌഘവുമൊളിച്ചുപോയ്
വായ്ക്കുമുന്നതമഹീരുഹാഗ്രവിടപാവലീഷു നിഭൃതം തദാ. (൨൩)

ഏണസംഹതികളൻപിലോടിയൊരുകോണിലായിതു തദാഭയാൽ
ചേണലാവിനൊരു കേകിപാളികൾ മരംകരേറി ഹൃതതാണ്ഡവം.

.................................................................................

.................................................................................

കൂട്ടമിട്ടരിയ കാട്ടുപോത്തുകളുമോട്ടമിട്ടിതു മഹാവനേ
വാട്ടമററ ഭുജവീരശാലിയെ വിലോക്യ മാരുതതന്തുതഭവം.
വേട്ടയാടിന കിരാതവൃന്ദവുമരക്ഷണം ഝടിതി നിന്നപോയ്
പാട്ടമൻപൊടുവെടിഞ്ഞു വിസ്മയമിയന്നതീവ ഹൃദയാംബുജേ.

ഇത്ഥം കാന്താരദേശം ഝടിതി പൊടിപെട്ട-
  ത്താനപോലേ മദംപൂ-
ണ്ടത്യാനന്ദം പൊഴിഞ്ഞും നറുമലർ നിതരാ-
  മഞ്ജുമിഞ്ജും തിരഞ്ഞും
ഗത്വാസൌ ഭീമസേനൻ കപികുലതിലകനുമാ-
  യായ വാതാത്മജൻതൻ-
നിത്യാവാസേന കീർത്ത്യാ വിലസിന കദളീ-
  കാനനാന്തം പ്രപേദേ. (൧൮)

ചിന്തിട്ടും പ്രഭകൊണ്ടേററം ബന്ധുരം കദളീവനം
കുന്തീപുത്രനസൌ ദൃഷ്ട്വാ ചിന്തിച്ചു പുനരിങ്ങനെ. (൧൯)

അഹോ വിധാതുഃ കരകൌശലാനാം
കാന്താരനിർമ്മാണവിധൌ വനാന്തഃ
കസ്യായമേവാതിമനോഹരസ്യ
പ്രസൂനരത്നസ്യ കിമാകരഃ സ്യാത്? (൨൦)

കല്യാത്മാവേവമോർത്തും കരളിലഥ തുലോം
  പാർത്തുമക്കാനനാഭാം
മെല്ലെ മെല്ലെ നടന്നോരളവരിയ ഗദാ-
  ധാരിയാം ഭീമസേനൻ
ഉല്ലാസീ രാമചന്ദ്രന്നരിയൊരു സുമഹാ-
  ദൂതനാം ശ്രീഹനുമാൻ
വല്ലാതോരംഗമുൾക്കൊണ്ടവിടെ വഴിതട-
  ത്താസ്ഥിതശ്ശൌര്യശാലീ. (൨൧)

അന്നേരം തത്ര മാർഗ്ഗാന്തരളുവി മരുവും
  വാരെഴും വാനരേന്ദ്രം
ചെന്നങ്ങാട്ടീ പയോദധ്വനി കഴൽഫണിയും
  നാദവാൻ പാണ്ഡുജന്മാ;

ഒന്നും കൊള്ളാഞ്ഞതിന്നക്കളുകുലപെരുമാ-
ളൻപിലേവം ബഭാഷേ
മിന്നും ത്രൈലോക്യവീരാന്വയമണിമകുടീ-
മഞ്ജനാപുണ്യപുഞ്ജം. (൨൨)

"ദുഷ്ടാത്മൻ! വാനരാ! നീ ഝടിതി വഴിതിരി-
ഞ്ഞീട്ടു, കല്ല്യാശ്ശിലിപ്പോൾ
പട്ടാങ്ങേ ചൊല്ലുവൻ ഞാൻ—കരുണ മമ നരു-
ങ്ങില്ല പാപേഷു പാർത്താൽ—
ചട്ടററീടുന്ന വൈരാകരനികരശിരോ-
ഭംഗദാമിഗ്ഗദാം മേ
ദൃഷ്ട്വാ കണ്ടീലയോ നീ? തൊഴിലിതു തരമ-
ല്ലേതുമേ താവകീനം. (൨൩)

ചാകാതേ കണ്ടിരിപ്പാനകമലരിൽ നിന-
ക്കൊട്ടുനാളേതിനും കേ-
ളാകാംക്ഷാ ലേശമുണ്ടായ് വരികിൽ വഴിയിൽനി-
ന്നങ്ങു പൊയ്ക്കൊൾക നല്ലു;
പോകായുന്നാകിൽ മാർഗ്ഗാൽ വിരവൊടു ഗദയാ
തച്ചെടുത്താശു വല്ലീ-
ശാഖാഗ്രേ തൂക്കിയുംവച്ചഴകൊടു നടകൊ-
ണ്ടീടുമിബ് ഭീമസേനൻ." (൨൪)

രാമസ്യ ദൂതമതിമാനുഷബാഹുവീര്യം
സാമാന്യവാനരമിതെന്നു നിനച്ചിവണ്ണം
ഭീമൻ പറഞ്ഞളവു കണ്ണുതുറന്നു പശ്യ-
ന്നാമന്ദമൻപിനൊടുവാച ഗിരം ഹനൂമാൻ. (൨൫)

"ആപന്നാനാം ജനാനാമവനവിധി നൃണാം
ജാതിയല്ലോ; വിശേഷി-
ച്ചാപാദിക്കുന്നിതേററം കരുണയുമറിവും
പൂണ്ടുടൻ മാനുഷേന്ദ്രാഃ.
ഠം പാപം വൃദ്ധനായുള്ള ഗതിയൊടു ഭവാ-
നെന്നൊടെന്തേവമെല്ലാം
കോപംകൈക്കൊണ്ടു സംഭാഷണകലവി വള-
ർക്കുന്നതുദ്ധാഭിമാനം? (൨൬)

വിണ്ടാർപാളീവധംചെയ്തരിയ വരഗദാം
　　താവകീമെന്തറിഞ്ഞേൻ?
കണ്ടാലും കണ്ടുകൂടാ; വിരവൊടു തിരിയാ
　　മാമകം നേത്രമേതും;
കണ്ടീലേ നീ മദംഗം പെരുകിന ജരയാ
　　ജർജ്ജരീഭൂത മില്ലേ-
ല്ലുണ്ടോ കൈകാലിളക്കാവിതു മമ? വഴി നീ-
　　ങ്ങുന്നതോ പിന്നെയല്ലോ." (൨൧)

"തിക്കാരം നന്നു! നന്നല്ലരിയ കുരുവര-
　　ന്നോടു; ചൊൽക്കൊള്ളുമോരോ
രക്ഷഃശ്രേണ്യാ കൃതാന്തം വടിവിനൊടു വിരു-
　　ന്നൂട്ടുമുദ്യോഗയോഗാൽ
ചൊൽക്കൊള്ളും ഭീമസേനൻ, പുനരവനിവനെ-
　　ന്നില്ല, നിന്ദാലവം കേ-
ളുംക്കാമ്പിൽത്തോട്ടുമാകിൽ, ഝടിതി തലതെറി-
　　ച്ചീടുമക്ഷാമധാമാ." (൨൨)

"തോട്ടുന്നു* കപിയോടിതെന്തിനു ബലാൽ;
　　മററുണ്ടനേകം വദേ
പാട്ടുംപാടി നടന്നുകൊൾവതിനെടോ
　　കൌരവ്യ! മാർഗ്ഗാന്തരം.
കേട്ടാലത്ര വിനോദമാം തവ ഭുജാ-
　　ശൌര്യം വളർത്തീടുവാൻ
കാട്ടിൽക്കണ്ടൊരു വൃദ്ധവാനരമെടോ
　　നന്നൻപിലാളായതും!." (൨൪)

"വല്ലാതെ വന്നവഴിയീന്നു തിരിഞ്ഞുപോമാ-
റില്ലാരുമേ കുരുകുലോത്ഭവമന്നവന്മാർ;
മുമ്പിൽത്തിരിഞ്ഞവഴിയേ നടകൊള്ളുമത്രേ
കമ്പിച്ചൊഴുന്നുവരുമുഗ്രനദീപ്രവാഹം." (൩൦)

"മുമ്പേ നടന്നവഴിവച്ചു നടക്കമാറി-
ല്ലമ്പോടിതെന്നു നിയമം പെരുതെങ്കിൽ വീരാ
എന്തേ ഭവാനവനമാർഗ്ഗമുപേക്ഷ്യ രാജ്യ-
സന്താപമാന്നു വനമാർഗ്ഗമുപാശ്രിതോഭൂത്."? (൩൫)

* തോട്ടുക=ഉടക്കുക.

"രേ! രേ! വാനരകീട! സാമ്പ്രതമസൌ
ഭൂയോഽപി ഭൂയോഽപി നീ
നേരേ കാലപുരത്തിനോടൊരു മഹാ-
യാത്രാം മതിന്നീടിനാൻ.
വീരാഗ്രേസരനോടു ഭീമനൊടൊരോ-
ന്നോററം പറഞ്ഞീടുകിൽ-
ക്കാര്യം ചെററു കടത്തിവയ്ക്കുമധുനാ;
കില്ലില്ലതിന്നേതുമേ." (൩൨)

"ഹീ ഹീ! വിനോദമിതു പാണ്ഡവ! ശൌര്യശാലിൻ!
ശാഖാമൃഗസ്യ നിധനേ മതിപോലുമിന്നി
വൈകേണ്ടതില്ല പുനരേതുമതെന്നിതെങ്കിൽ
ശ്ലാഘാ തവാസ്തു വിരവോടതുകൊണ്ടിദാനീം." (൩൩)

"ദുഷ്ടന്മാരെയടക്കുകെന്നു വിഹിതം
കൊന്നിട്ടു മർത്ത്യർക്കതാം;
നഷ്ടാശങ്കമതിന്നു കിഞ്ചന വരാ
കീർത്തിക്കു വാട്ടം കപേ!
ദിഷ്ട്യാ ബാലിയെയല്ലയോ രഘുവരൻ
വെന്നു പുരാ കാനനേ;
പെട്ടെന്നങ്ങതുകൊണ്ടു രാമനു തുലോം
ദുഷ്കീർത്തിയുണ്ടായിതോ?." (൩൪)

"ദുഷ്ടനെങ്കിൽ വധം യോഗ്യം ശിഷ്ടരായ മഹീഭുജാം;
നഷ്ടപാപമൊരാരണ്യം കൊട്ടിക്കൊല്ലുക യോഗ്യമോ?" (൩൫)

"തരം വരാ കേളിതു വല്ലവർക്കും
പരം പിണങ്ങീടുകിൽ മാനഭാജാം;
പുരാരിനേത്രാഗ്നിയിൽ വെന്തുപോയീ
പുരാ സരോജായുധനും വിരോധാൽ." (൩൬)

"പരാക്രമാഢ്യേ! കൊലചെയ്ക യോഗ്യം
വിരോധമേററാലഭിമാനഭാജാം;
ജരാപിശാചീപരിഭൂതനിഞ്ഞാൻ
വിരോധിയല്ലേ തവ പാണ്ഡുസൂനോ! (൩൭)

"ഇതി കൃപണഗിരാ തേ പോകയില്ലിന്നിയെല്ലാ-
മിതമൊടു വഴിനീങ്ങീടേണമല്ലായ്കിലിപ്പോൾ

വടിവൊടു ലതയാ കേശം നിന്നെ ബദ്ധ്വാ ദുരാത്മൻ!
ഝടിതി കഴുകരേററിപ്പോയിട്ടും പാണ്ഡുജന്മാ." (൩൮)

"ലതാഭിരാബദ്ധ്യ വശംകെടുക്കാ-
യ്ക്കുദാരബുദ്ധേ! ശരണാഗതോ ഞാൻ;
മദീയബാലം ഗദകൊണ്ടു നീക്കി-
ട്ടദീനധാമൻ! വ്രജ നീ യഥേഷ്ടം." (൩൯)

രക്ഷോനികേതം ദഹനായ ദത്വാ
വിഖ്യാതിമന്തം കപിബാലദണ്ഡം
സ്പൃഷ്ട്വാ ഗദാഗ്രേണ സ നഷ്ടകമ്പം
ദൃഷ്ട്വാഥ ജഗ്രാഹ രുഷൈവ ദോർഭ്യാം. (൪൦)

ഗ. തദനു കുരുകുലാവതംസം തദാ വിശ്വവിദ്വേഷഭാജാം മനോഗൎവ്വസൎവ്വങ്കഷോച്ചണ്ഡദോൎദ്ദണ്ഡശാലീ നിതാന്തം മദാന്ധ്യം പൊഴിഞ്ഞാശു നിശ്ശേഷനക്തഞ്ചരാഖ്യമഹാകാളരാത്രിക്കുടൻ നൂതനാദിത്യനായ് മൈഥിലീദേവിയാം രാജഹംസിക്കു കേളീശരൽക്കാലമായ് ചാരുലങ്കാപുരീകാനനത്തിന്നു ദാവാനലശ്രേണിയായ് രാമചന്ദ്രൻ മനോബൎഹിതേടീടുമാനന്ദനൃത്തത്തിനാരാമമൂലംക്കൊണ്ടെഴും നീലജീമൂതമായപ്രമേയാനുഭാവോദയശ്രീതഴച്ചീടുമാശ്രീഹനൂമാനെ നേരേ നിജം കൈത്തലംകൊണ്ടെടുത്തൊന്നയത്നേന തൂക്കിപ്പിടിച്ചൊന്നു പാരം ചുഴററിപ്പുരത്തോരുശൈലാഗ്രശൃംഗേഷു വീണൊക്ക ദേഹം നുറുങ്ങിപ്പൊടിഞ്ഞീടുമാറങ്ങെറിഞ്ഞുംകളഞ്ഞങ്ങു പോയീടുവാനായ് മനക്കാമ്പിൽ നിശ്ചിത്യ മെല്ലെ നിലത്തോട്ടു പററപ്പതിഞ്ഞൊന്നു വേഗേന ലാംഗൂലദണ്ഡം പിടിച്ചോരുനേരത്തു ഭീമസേനന്നു വന്നല്ലലെന്തോഴ! ചൊല്ലാവതോ? (൧)

ഗ. ശിവ ശിവ ശിവ പാണ്ഡവൻതന്നുടേ ഘോരബാഹാഗ്രഭാഗേ പുകംക്കൊണ്ടു മിന്നും ഗദാസാരവും വീണുപോയ് ഭൂതലേ; പാരമാലസ്യമായ് നെററിമേൽ ചെററുടൻ ഘൎമ്മബിന്ദുക്കളും മുററിപ്പോന്നഞ്ജസാ; ദേഹമെല്ലാം തദാ വേപഥൌ മഗ്നമായീക്ഷണം കാൽക്ഷണം കാഴ്ചയില്ലാതെയായ്; ശൌൎയ്യസാരത്തിനും വേഴ്ച വേരററുപോയ്; മാനശൃംഗം മുറിഞ്ഞക്ഷണം വീണുപോയ്; അത്യല്പമ്പിനോടോത്തുകാണും വിധൌ വിച്ഛയത്രേ തുലോം വിശ്വമെങ്ങും ജയംകൊണ്ടുവെല്ലും ഹിഡിംബാദി വിഖ്യാതരക്ഷോവരന്മാരെ മുഷ്ട്യോട്ടുവെട്ടേററമേററം വളൎന്നോച്ച

കൊണ്ടീടുമപ്രാണസാരം ക്ഷണാൽ മേലിലിന്നും മഹാരാക്ഷസ
ന്മാരൊടായെത്തി വാർകൊണ്ടെഴുന്നോരു സംഗ്രാമകേളീവിനോദാ
ന്തരേ വന്നുകൊള്ളാമിതെന്നമ്പിലെ ഞാനുൾക്കമ്പമുൾക്കൊണ്ടു
ദേഹാ യാത്രകൊണ്ടു തദാ. (൩൯)

പ. ഇത്ഥം ലാംഗുലദണ്ഡഗ്രഹണവിവശതാം
  പൂണ്ടുടൻ പാണ്ഡവോഽയം
ത്യക്ത്വാ ചിത്താഭിമാനം മുഴുവനതിവിവേ-
  കാകുലാത്മാ തദാനീം
നത്വാ ചോദിച്ചിതാരെന്നിതമൊട്ടു ശരണം
  പ്രാപ്യ നിന്നോരുനേരം
മെത്തും പ്രേമാംബുരാശൗ തിരകളിതുടരും
  വാചമൂചേ ഹനുമാൻ. (൪൦)

"വാട്ടംതട്ടാത ദോർവിക്രമസലിലനിധേ!
  ഞാനമീ വീര! നീയും
കേട്ടീടുംപോഴിദാനീമിരുവരുമിതു ര-
  ണ്ടല്ല മംഗല്യസിന്ധോ!
നാട്ടാരെല്ലാർക്കുമെല്ലായ്പൊഴുമുരപെരുകും
  പ്രാണനാം വായുപുത്രൻ
ജ്യേഷ്ഠൻ ഞാനഞ്ജനായാസ്തനയനവരജൻ
  വത്സ! കൌന്തേയനിന്നീ. (൪൧)

വാരമ്പും വാരിരാശിക്കുപമ പരമാ-
  നന്ദവാർദ്ധിന്നു മെത്തും
കാരുണ്യാംഭോധിവീചിക്കരിവനപടലീ-
  കാട്ടുതീക്കൻപിലിഞ്ഞാൻ
നേരേ ശ്രീരാമചന്ദ്രന്നകിലുരപെറും
  ദൂതനായ്ച്ചെന്നു മുന്നം
പാരാവാരം കടന്നജ്ജനകനൃപസുതാം
  കണ്ടതും കേളിയുണ്ടോ?" (൪൨)

എന്നീവണ്ണം ഹനുമാൻ കളവചനസുധാം
  കോരിയൂക്കും ദശായാ-
മന്യൂനാമോദസിന്ധൌ പലവുരു മുഴുകി
  പ്പൊങ്ങുമാത്മാംബുജന്മാ

മന്നോർവീരാഗ്രഗാമീ ബഹുമതിയൊടു തം
ജ്യേഷ്ഠനാം വാനരേന്ദ്രം
തന്നേ തന്നേ വണങ്ങിപ്പെരുകിന വിനയാം
ഭാരതീമാബഭാഷേ. (൪൪)

"എന്നേ മൽഭാഗ്യമേ! മാമകസുകൃതമഹാ-
ശാഖി കാച്ചു; കുരുണാം
ധന്യൻ ഞാനായ്ച്ചമഞ്ഞു കപിതിലക! ഭവൽ-
സംഗമം കൊണ്ടിദാനീം.
പുണ്യാത്മാ വാനരാണാം പരിഷയിലൊരുവൻ
നീചനെന്നോർത്തു തന്നേ
നിന്ദാം കൈക്കൊണ്ടചൊന്നേ,നതുപുനരഖിലം
ക്ഷമ്യതാമഗ്രജന്മൻ! (൪൫)

ഓരോരോ രാക്ഷസാളീവനമരുതിപെട്ടു-
ത്തീട്ടമാരണ്യവഹ്നേ!
പാരീരേഴും പരന്നീടിന വിമലപുകൾ-
ച്ചന്ദ്രികാശീതഭാനോ!
വാരാളും വാരിരാശിം വിരവൊടു തരണം
ചെയ്ത രൂപം ത്വദീയം
നേരേ കണ്ടീട്ടവാനുണ്ടുരുതരകുതുകം
മാനസേ മാമകീനേ." (൪൬)

ഇത്ഥം പ്രാൎത്ഥിച്ച പാണ്ഡുൽഭവസ്വതികുതുകം-
പൂണ്ടു നിൽക്കും ദശായാ-
മദ്രീന്ദ്രാകാരമേന്തീടിന തനുലത ക-
ക്കൊണ്ടു രേജേ ഹനുമാൻ
പത്താശാന്തം നിറഞ്ഞങ്ങുടൽ,ലുടനധികം
ഭാനുമാൎഗ്ഗത്തൊളം ചെ-
ന്നെത്തീ തസ്യോത്തമാംഗം ശശികലപണിയും
ഘോരദംഷ്ട്രാങ്കുരാസ്യം. (൪൭)

വാനോർസിന്ധുതരംഗപാളിയിലെഴും
കാറേററു ചിന്നീടുമ-
ന്നാനാകേസരബാലരോമപടലീ-
നിൎദ്ധൂയമാനാംബുദം

കാണായീ കപിസാർവ്വഭൌമമുടനേ
മദ്ധ്യാഹ്നകാലത്തെഴും
ഭാനോരൂഷ്മ കെട്ടത്ത തീവ്രമഹസാ
സന്ദീപിതാശാന്തരം. (൨൮)

ത്രിഭുവനഭയദം നിരീക്ഷ്യ രൂപം
പവനസുതസ്യ ധരാധരേന്ദ്രതുല്യം
ഭയവിവശതയാ നിമീലിതാക്ഷഃ
കഥമപി പാണ്ഡുസുതഃ പുരോഽവതസ്ഥേ. (൨൯)

തദനു ഭുവനഘോരം സംഹരിച്ചാത്മരൂപം
പദവിയുമുടനക്ഷ്പാ പുഷ്പലാഭായ മേന്മേൽ
മുദിതമതി ഹനുമാൻ പിന്നെയും പ്രേമവേശാൽ
മധുവൊഴുകിന വാചാ ഭീമസേനം ബഭാഷേ. (൩൦)

"മേതിന്മേൽ വീര്യ്യവാനാമവനമിവനമ-
ങ്ങൻപിലോക്കും ദശായാം
സാധിക്കാമല്ല നീ തേടിന മതുമലർ കൌ-
ബേരവാപീകലാപം.
ബാധിപ്പാനുണ്ടനേകം ബലമുടയ ചമൂ-
വൃന്ദമെന്നാലസൌ നീ
സാധിച്ചീടാജ്ഞയാ മേ വിരവൊടുരപെറും
പുഷ്പമുൽപന്നശൌര്യ്യം." (൩൧)

ആശീർവ്വചോഭിരഭിനന്ദിതനായിവണ്ണം
നാശായ രാക്ഷസകലസ്യ കുരുപ്രവീരൻ
നീചൈരണഞ്ഞടിപണിഞ്ഞിതമാൻപലാവും
വാചാ കപീന്ദ്രനൊടു ചൊല്ലി മുദാ നടന്നാൻ. (൩൨)

ഘോരാത്മാ പോയ്ക്കരേറീ ഗിരിമുകളിലനാ-
യാസ,മപ്പോൾ മധൂളീ-
ധാരാം പെയ്യുന്ന സൌഗന്ധികമലരണിയും
വാപിതൻ വീചിജാലാൽ
ഓരോരോ തീരവല്ലീനറുമലരുമിള-
ക്കിക്കനം ഗന്ധവാഹീ
നേരേ പോന്നാഗമിച്ചു തനയനു വഴികാ-
ട്ടീടുവാനെന്നപോലേ. (൩൩)

ദണ്ഡകം — ചൊല്ലാവതോ ധനദകല്യാണവാപിതകു-
മുല്ലാസപൂരമതിവേലം.
ചുഴലവുമുപാന്തേ പരിലസിതകാന്തേ
സുരഭിമലർമധുരധരികൾ ചൊരിയുമൊരുപരമസുഖ-
വിടപിനിര നിരവധി വനാന്തേ.
ഊനം വരാതെ മധുപാനങ്ങൾചെയ്തു പത
ഗാനന്ദഗാനമനുവേലം
ഉദിതമൊരുഭാഗേ; പുനരപരഭാഗേ
മുദിതസുരതരുണിജനമലർവിശിഖചടകളിക-
ളനുസമയമമിതസുഖയോഗേ.
ശ്രീപാകിനോരു മണിസോപാനകൌശലമി
താപാദിതം നയനഘോരം
ശിവശിവപുകഴ്ത്തീടരുതരുതിതോത്താൽ;
അഴകുടയമണിമുകുരതലരുചിയുമടിപണിയു-
മമലതരസലിലമതുപാത്താൽ.
ഉന്നിദ്രശോഭമതിൽ മിന്നും പ്രസൂനതതി
കണ്ണിന്നു പുണ്യപരിപാകം;
ഉരപെരിയ മേളം കലരുമൊരു നാളം
പലതരമിതതിലലളിതകനകനിറമതുകവരു-
മധികതരരുചിരദലജാലം.

പ. ഏവം ത്രൈലോക്യലക്ഷ്മീകളവിഹൃതിമഹാ-
രംഗമാം പുഷ്കരിണ്യാം
താവും മോദേന പോയ്ച്ചെന്നനിലസുതമഹാ
വീരനുല്ലാസശാലീ
മേവീ തൻ മാധുരീം പാത്തകതളിരിൽ വള-
ന്നീടുമാനന്ദനന്ദ്യാ-
മാവോളേം മുങ്ങിമുങ്ങിച്ചെരുതു തിരകളി-
ച്ചും കുളിച്ചും മഹാത്മാ. (൩൮)

ഊക്കേറും ഭീമസേനൻ പുനരതിൽ നടുവേ
ചാടിവീണാത്തനാദം
വായ്ക്കും സൌഗന്ധികശ്രേണികൾ വടിവൊടറു-
ത്തോരുനേരം ഗദാവാൻ

കേൾക്കായീ ഘോരഘോരം നവജലദഘടാ-
നാദപൂരം നടുക്കം
വാക്യാടോപങ്ങൾ വാപീഭരണവിധി വള-
ൎന്ന രക്ഷോഭടാനാം. (൩൮)

“കൊണ്ടുഖേചരം വരുത്തീടുക നിശിതകൃപാ-
ണേന; ദോൎദ്ദണ്ഡമൂലം
രണ്ടും തുണ്ടിക്ക; കുന്തങ്ങളെ വിരവൊടു പാ-
യിക്ക ദോരന്തരാളേ;
കുണ്ടിൽച്ചാടിക്ക നേത്രദ്വയ,മപി ചരണം
ഹന്ത! ചക്രേണ രണ്ടും
രണ്ടായ്ക്കീറീട്ടുകെത്തിപ്പുരിചൊടുപിടിപെ
ട്ടാശു തം മൎത്ത്യകീടം.” (൩൯)

ഉഗ്രാടോപാലിവണ്ണം പലവഴിയിലഴ-
ച്ചുച്ചകൈരാതഗൎവ്വം
മുഷ്കും കൈക്കൊണ്ടു വേഗാദഹമഹമികയാ
ഘോരരാത്രിഞ്ചരൌഘം
ഒക്കത്തക്കച്ചുഴന്നു കടുകനലുമിഴ്-*
കണ്ണുരണ്ടും മിഴിച്ചു-
ങ്ങഗ്രേ യുദ്ധായ ബദ്ധാഗ്രഹമരികളുരു-
പ്രൌഢമുഗ്രാപദാനം. (൪൦)

അന്നേരം ശൌൎയ്യഭാജാം വരമകുടതടോ-
ന്നിദ്രമാണിക്യരത്നം
മന്നോൎവീരൻ പ്രകോപാൽ വടിവിനൊടടര-
ത്തീൎത്തു വാപീതടാന്തേ
സന്നദ്ധാനാമരീണാം പടനടുവിലകം-
പുക്കു നേരേ ഭിദീപേ
കണ്ണെത്താതോരു വേണുല്ലൂരനടുവിൽ വള-
ൎന്നോരു ദാവാഗ്നിപോലേ. (൪൧)

ചൊൽക്കൊണ്ടീടിന ബാഹുവീൎയ്യമിയലും
നക്തഞ്ചരശ്രേണിപൊ-
ന്നൊക്കത്തക്ക വരുന്നതങ്ങു വടിവോ-
ടാലോക്യ വീരാഗ്രണീ

---

* ഉമിഴുക=വമിക്കുക.

ഉഗ്രാത്മാ പവമാനസൂനു തരസാ
സംഹാരരുദ്രോപമാം
കൈയ്യൂക്കൊണ്ടാശു രണം തുടൎന്നു സഖേ
വാചാ പുകഴ്ത്താവതോ! (൭൯)

ഗ. ശിവശിവശിവ! വിശ്വമെങ്ങും പുകഴ്ക്കൊണ്ടുവാഴും കുരുപ്രൌഢസന്താനമംഗല്യമൌലിക്കമെഴ്ത്തീടുമച്ചിത്രമുക്താമണിക്കല്ലു ബദ്ധാവമാനം മനുഷ്യപ്പുഴുച്ചാത്തിലൊന്നെന്നു കല്പിച്ചു നക്തംചരാണാം തദാ കേ/പി മുഷ്ക്കോടു നേരേ വെറുംകൈയുമായ്ച്ചെന്നണഞ്ഞീടുമന്നേരമൊന്നേറെ മിന്നുന്ന പാണ്ഡൂത്ഭവൻതൻ ഗദാസാരഘോരപ്രഹാരങ്ങളേററു നിശ്ശേഷഗാത്രം കരിങ്കല്ലുപോലെ നുറുങ്ങിപ്പൊടിഞ്ഞും ഗതായുക്കളായാശു വീഴുന്നതാലോക്യ പിന്നാലെ ചെല്ലുന്ന രക്ഷോഭടന്മാരൊട്ടും പാദപശ്രേണി വേരോടെകൂടെപ്പിരിച്ചഞ്ജസാ പത്രമൂരിപ്പിടിച്ചും മഹാശൈലഖണ്ഡങ്ങൾ വേഗാലടൎത്തങ്ങു പാടേ ധരിച്ചും ഗദാശൂലകുന്താസിശക്തീഷ്ടികപ്രാസനാനായുധൌഘങ്ങളെല്ലാം കരത്തോടു മുന്നേതിലും ചെററുറപ്പിച്ചുകത്താരിലമ്പോടുചേൎത്തും വളൎന്നോരു കല്പാന്തകാലങ്ങളിൽ പൊന്നടിക്കുന്ന കാളാംബുവാഹാധിപപ്രൌഢഘോഷം പഴിക്കുന്ന നാദങ്ങൾ കൈക്കൊണ്ടു നേത്രങ്ങൾ പാടേ മിഴിച്ചും തഴച്ചോരു വേഗേന കുന്തീതനൂജാബ്ധിശൌര്യാംബുരാശിക്കു ചുററും ചുഴന്നങ്ങണഞ്ഞീടിനാർ. (൪)

ഗ. കിമിഹ വചനവിസ്തരൈരുത്തരംഗോത്ഭടാടോപമുൾക്കൊണ്ടുമെത്തും പ്രമോദേന നാനായുധങ്ങളെക്കൊണ്ടുമദ്രീന്ദ്രശൃംഗങ്ങളെക്കൊണ്ടുമേററം വളൎന്നോരു വൃക്ഷങ്ങളേക്കൊണ്ടുമെത്തിക്കരുത്തോടു ചൂഴച്ചുഴന്നാവതെല്ലാം പ്രയോഗിക്കുമാപ്രൌഢരക്ഷോഭടന്മാരശേഷം തദാനീം ഉദാരോജ്ജ്വലാലാതചക്രംകണക്കേ രിപൂണാം പടച്ചാത്തിൽ നീളെ പടുത്വാതിരേകാൽ പരിഭ്രാമ്യ വേഗേന കല്പാന്തരുദ്രോപമാനം കുറിക്കൊണ്ടു മേന്മേൽ വിരിഞ്ചൻ നടുങ്ങേ പ്രപഞ്ചം കുലുങ്ങേ ദിനേശൻ മയങ്ങേ ദിഗന്തം മുഴങ്ങേ കൃതാരാവഘോരം വളൎന്നീടെഴും രംഹസാ പോരുതേടീടുമപ്പാണ്ഡവൻതൻഗദാപാതപ്രഹാരങ്ങളേററററു കൈകാൽ ഞെരിഞ്ഞും ശരീരം പൊരിഞ്ഞും മഹാകണ്ഠകാണ്ഡങ്ങൾ വേഗാലടൎന്നും തലച്ചോറുപാടേ തകൎന്നും തകൎന്നും വളൎന്നോരുനാസാന്തരത്തൂടെ ചെഞ്ചോരിവെള്ളം കനക്കെച്ചൊരിഞ്ഞും ഘോരങ്ങളായുള്ള മുഷ്ടി

പ്രഹാരേണ പെട്ടെന്നു പൊട്ടിപ്പിളൎക്കും വയററീന്നനേകാന്ത്ര മാലാകലാപങ്ങളും ചാടത്തുടൻും കരാളങ്ങളായുള്ള ഹാഹാ വിരാവങ്ങളെക്കൊണ്ടു ലോകത്രയത്തിന്നു പാരം നടുക്കം വളൎത്തങ്ങരയ്ക്കാൽ ക്ഷണംകൊണ്ടു തിക്കിത്തിരക്കിത്തിമിൎപ്പോട്ടുടൻ കൃതാന്താലയംപൂവതിന്നായ് മഹായാത്രകൊണ്ടീടിനാരത്തഗൎവ്വോദയം. (൭)

പ. ഇത്ഥം തൽക്കാവലാളാം നിശിചരപടലീം
സംഹരിച്ചെന്നു വേണ്ടാ
പുത്തൻ മാധ്വീമണം കോലിന നറുമലരാ-
നീയ വാനോൎന്നളിന്യാഃ
മുഗ്ദ്ധാക്ഷ്യാ യാജ്ഞസേന്യാസ്സവിധമുപഗതോ
ഹന്ത തൽകൈശികാന്തേ
ചിത്രം ചേൎത്തങ്ങണിഞ്ഞൂ ജഗതി വിരുതെഴും
വീൎയ്യവാൻ പാണ്ഡുജന്മാ. (൨൦)

അന്നേരം പാണിപത്മേ നറുമലരതിനാൽ
മൂന്നുനാലാത്മകാന്തൻ-
തന്നോടേ വാങ്ങി മെല്ലേ നിജമുടിയിലുടൻ
വച്ചുകൊണ്ടാശു സലീലം;
പിന്നെത്താനേയെടുത്തങ്ങണിവദനമണ-
ച്ചൻപിൽ മന്ദുരുവട്ടം
തന്നേ തന്നേ മുകൎന്നാൾ നരവരമഹിഷീ
വാരെഴും പ്രീതിയോഗാൽ. (൨൧)

കല്യാണസൌഗന്ധികം ഭാഷാചമ്പു

സമാപ്തം.

B 2178
25 JAN 1936
MADRAS

A.P

KALYANASAUGANDHIKAM

F4

032:1K65:3

Indic Digital Archive Foundation

gpura.org